## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4524.** **18.05.2017-ൽ മറുപടിയ്ക്ക്**

**<u>പെൻഷൻ പ്രായം കഴിഞ്ഞിട്ടും സർവീസിലുള്ള കെ.എസ്.എഫ്.ഇ. ജീവനക്കാർ</u>**

| | ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. യിലെ പെൻഷൻ പ്രായം 58 ആയി നിജപ്പെടുത്തിയിരിക്കെ, സർക്കാർ നയത്തിന് വിരുദ്ധമായി നിരവധി ജീവനക്കാർ സർവ്വീസിൽ തുടരുന്നത് മൂലം കെ.എസ്.എഫ്.ഇ. യിലെ ജീവനക്കാരിലും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട യുവജനങ്ങൾക്കും ഉണ്ടാകുന്ന ആശങ്ക പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) | നിരവധി ജീവനക്കാർ, ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളിലെ ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 58 വയസ്സിന് ശേഷവും സർവ്വീസിൽ തുടർന്നു വരുന്നുണ്ട്. ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാൻ അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസാക്കി ഉയർത്തണമെന്ന 25.06.2014-ലെ ഡയറക്ടർ ബോർഡ് തീരുമാനം റദ്ദാക്കുന്നതിന് 08.05.2017 ലെ ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്.<br><br>എൻട്രി കേഡർ തസ്തികകളിൽ ഒഴിവുകൾ കണക്കാക്കുന്ന അവസരത്തിൽ 58 വയസ്സിനുശേഷവും കമ്പനിയിൽ തുടരുന്ന ജീവനക്കാരെ പരിഗണിക്കാറില്ല. ആയതിനാൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**